(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടത്താൻ ആരെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെയാണ് പ്രസ്തുത പ്രവൃത്തി നടത്താൻ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(ഡി) വിഷയം പരിശോധനയിലാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെൽ**

120 (979) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെക്ഷനിൽ എത്ര ജീവനക്കാരുണ്ടെന്നും, നിലവിൽ എത്ര ജീവനക്കാരുടെ കുറവ് ഉണ്ടെന്നുമുള്ള വിശദ വിവരം നൽകുമോ;

(സി) സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിച്ച്, തീർപ്പാകാതെയുള്ള ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർചെക്ക് സെല്ലിൽ സൂപ്പർ ചെക്ക് ഓഫീസർ, അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരുടെ ഓരോ തസ്തികയും, ക്ലാർക്കുമാരുടെ 3 തസ്തികയും ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

അറ്റൻഡന്റിന്റെ ഒരു തസ്തികയുമാണ് നിലവിലെ അംഗീകൃത കേഡർ നില. അതിൽ ഒരു ക്ലാർക്ക് 05-12-2017-ൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറി പോയിരുന്നു. പ്രസ്തുത തസ്തികയിൽ 27-02-2018-ന് പുതിയ നിയമനം നടത്തിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദനീയ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്പർ ചെക്ക് സെൽ ഓഫീസർ | 1 | 1 |
| 2 | അസിസ്റ്റന്റ് സൂപ്പർ ചെക്ക് സെൽ ഓഫീസർ | 1 | 1 |
| 3 | സീനിയർ സൂപ്രണ്ട് | 1 | 1 |
| 4 | ക്ലാർക്ക് | 3 | 3 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 1 (പ്രസവാവധിയോടനുബന്ധിച്ച ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരിക്കുന്നു.) |

(സി) നിലവിൽ എല്ലാ തസ്തികയിലും ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ട്. അതിനാൽ തീർപ്പാക്കാത്ത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ**

121 (980) <u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളും അടച്ച് പൂട്ടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly